**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2217** **30-09-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിക്കുന്ന 12 നിലകളുള്ള പുതിയ കെട്ടിടത്തിന്റെ ഒന്നാം ഘട്ടനിർമ്മാണം നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിനു കീഴിൽ 13.045 കോടി രൂപ ചെലവിൽ പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിനു കീഴിൽ 46.1837 കോടി രൂപയുടെ ഭരണാനുമതി നല്കുകയും പ്രവൃത്തി ഏകദേശം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ, ഫർണ്ണിച്ചർ എന്നിവ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. പുതിയ കെട്ടിടത്തിൽ ഐ.സി.യു., പീഡിയാട്രിക്സ്, ന്യൂബോൺ, മെഡിക്കൽ, സർജിക്കൽ സൗകര്യവും, ഓപ്പറേഷൻ തിയറ്റർ സമുച്ചയവും (ജനറൽ സർജറി, ഓഫ്താൽമോളജി, ഗൈനക്കോളജി, ഇ.എൻ.ടി, ഓർത്തോ) സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | അനിവാര്യമായ തസ്തികകൾ സൃഷ്ടിച്ചും ജീവനക്കാരെ ക്രമീകരിച്ചും ആശുപത്രി പ്രവർത്തന സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഡോകടർമാർ അടക്കമുള്ള ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (സി) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി എന്ന് ഉദ്ഘാടനം ചെയ്യാനാവുമെന്ന് വ്യക്തമാക്കുമോ? | (സി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഏകദേശം പൂർത്തിയായിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തോടുകൂടി കെട്ടിടത്തിന്റെ ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ